4

# "എഴുന്നേറ്റു, സ്നാനമേല്ക്കുക" (1)

കഴിഞ്ഞ പാഠത്തിലെ ആമുഖത്തിൽ വ്യക്തികൾ ചോദിച്ചതു, ഫലത്തിൽ "ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്നാണ്. ഓരോ സംഭ വത്തിലും, ഉത്തരത്തിൽ സ്നാനവും ഉൾപ്പെട്ടിരിക്കുന്നു, "സഹോ ദരന്മാരോടു, ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്ന യഹൂദന്മാരുടെ ചോദ്യ ത്തിനു (പ്രവൃത്തി 2:37), പത്രൊസ് മറുപടി പറഞ്ഞതു, "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" എന്നാണ് (പ്രവൃത്തി 2:38). "കർത്താവേ, ഞാൻ എന്തു ചെയ്യേണം?" എന്നു ശൗൽ ചോദിച്ചതിനു (പ്രവൃത്തി 22:10), അവനെ പട്ടണത്തിലേക്കു അയച്ചു. അവിടെ ഒരു ഉപദേഷ്ടാവ് വന്നു അവനോടു, "ഇനി താമസിക്കുന്നതു എന്തു? ഏഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർ ത്ഥിച്ചു, *സ്നാനം ഏറ്റു*, നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു" (പ്രവൃത്തി 22:16). കാരഗൃഹ പ്രമാണി ചോദിച്ചു, "യജമാനൻമാരെ രക്ഷ പ്രാപിക്കാൻ ഞാനെന്തു ചെയ്യണം?" (പ്രവൃത്തി 16:30), അവനോടു വിശ്വസിക്കുവാനാണ് പറഞ്ഞതു (പ്രവൃത്തി 16:31). അവനെയും അവന്റെ വീട്ടിലുള്ളവരെയും കർത്താവിന്റെ വചനം പഠിപ്പിച്ചു; ഉടനെ, "അവനും, അവന്റെ വീട്ടിലുള്ളവരും *സ്നാനമേറ്റു*" (പ്രവൃത്തി 16:33).

വിശ്വാസത്തിന്റേയും, മാനസാന്തരത്തിന്റേയും, ഏറ്റു പറച്ചി ലിന്റേയും ആവശ്യകതയെയാണ്, ഇതുവരെ നാം സ്ഥിരീകരിച്ചത്. ഈ പാഠത്തിൽ കർത്താവിനോടുള്ള നമ്മുടെ പ്രഥമ പ്രതികരണത്തിൽ സ്നാനം കൂടെ ഉൾപ്പെടുന്നു എന്നതാണ് നാം നോക്കുന്നത്. വിശ്വാസം, മാനസാന്തരം, ഏറ്റുപറച്ചിൽ; എന്നിവയെ കുറിച്ചു വളരെ കുറച്ചു എതിരഭിപ്രായങ്ങളേ കേൾക്കാറുള്ളൂ. എന്നാൽ, സ്നാനത്തെക്കുറിച്ചു വർഷങ്ങളായി, വളരെയധികം വിയോജിപ്പു ണ്ടായിട്ടുണ്ട്. എങ്കിലും ഇത്തരം വിയോജിപ്പ് പുതിയ നിയമകാല ങ്ങളിൽ ഉണ്ടായിരുന്നില്ല. യേശുവിനെ പിൻപറ്റുവാൻ ആഗ്രഹിച്ച വരെല്ലാവരും ചോദ്യം

ചെയ്യാതെ സ്നാനമേറ്റു.

**സ്നാനം: അതെന്താണ്?**

സ്നാനത്തെക്കുറിച്ചു നാം ചർച്ച ചെയ്യുന്നതിനു മുൻപു, ആ വാക്കിന്റെ അർത്ഥം നാം മനസിലാക്കേണ്ടതുണ്ട്. ഗ്രീക്കു വാക്ക് അങ്ങനെതന്നെ എഴുതിയിരിക്കുന്നതാണ് "സ്നാനം" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പ്, ഗ്രീക്ക്, ഇംഗ്ലീഷിലേക്കു തർജ്ജിമ ചെയ്തപ്പോൾ ഗ്രീക്ക് വാക്കിനെ ഇംഗ്ലീഷ് വാക്കായി മാറ്റി.[1] ഗ്രീക്കിൽ ''സ്നാനം'' എന്നതിനു ഉപയോഗിച്ച വാക്ക് ''Baptism'' ആണ്:[2]

βαπτισμοσ

ഗ്രീക്കിൽ ഇതിനു രണ്ടു രീതിയുണ്ട്: *Baptismos* (മുകളിൽ കാണിച്ചിരിക്കുന്ന രീതി). അതിന്റെ ക്രിയ രൂപം ഗ്രീക്കിൽ *Baptizo*,[3] എന്നാണ്. ഇത് ഒരേ വാക്കുകളാണെന്ന് "Baptisa" വും "Baptise" വും വരുന്നു.

''Baptize'' എന്ന വാക്കിന്റെ അർത്ഥം എന്താണ്? ഇംഗ്ലീഷ് നിഘണ്ടുവിൽ, ഈ വാക്കു നോക്കിയാൽ ഇതിനു വിവധ അർത്ഥങ്ങൾ, കൊടുത്തിരിക്കും. ശ്രദ്ധിക്കേണ്ട കാര്യം ഇംഗ്ലീഷ് നിഘണ്ടു എഴുതുന്നവർ ആനുകാലിക ഉപയോഗത്തിലിരിക്കുന്ന വാക്കുകളാണ് കൊടുക്കുന്നത്. അല്ലാതെ ബൈബിളിലെ അർത്ഥങ്ങൾ അല്ല. *Baptizo* എന്നത് ഗ്രീക്ക് നിഘണ്ടുവിൽ അർത്ഥം കാണാം, അത് ലെക്സിക്കൺ എന്നും വിളിച്ചിരിക്കുന്നു ബാക്സ്റ്ററുടെ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൺ പരിശോധിച്ചാൽ, Baptizo എന്ന വാക്കിന്റെ മൂലപദമായ Bapto കാണാം. താഴെ കൊടുത്തി രിക്കുന്ന പിരിവു വാക്കുകളും അതിന്റെ അർത്ഥവും നോക്കുക:

> *Bapto* ... മുക്കുക ...
> *Baptizo* ... മുക്കുക, നിമഞ്ജനം ചെയ്യുക ...
> *Baptisma* ... സ്നാനം ...
> *Baptismos* ... മുക്കൽ പ്രവൃത്തി അല്ലെങ്കിൽ നിമഞ്ജനം ...[4]

''Baptize'' എന്നതിന്റെ ലളിതമായ അർത്ഥം ''മുക്കുക,'' "ബാപ്റ്റിസം" എന്നതിന്റെ അർത്ഥം "മുങ്ങൽ" എന്നുമാണ്. പത്രൊസ് തന്റെ കേൾവിക്കാരോട് അക്ഷരികമായി പറഞ്ഞതു, "മാനസാന്തരപ്പെട്ട്, നിങ്ങൾ ഓരോരുത്തരും ... നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി *സ്നാന*മേല്ക്കുവിൻ'' എന്നാണ് അനന്യാസ് അക്ഷരികമായി ശൗലിനോട് പറഞ്ഞു, "എഴുന്നേറ്റു, *സ്നാനമേറ്റു*, നിന്റെ പാപങ്ങളെ

കഴുകി കളക."

"Baptism" മുങ്ങൽ സംഭവിക്കേണ്ടതു *എന്തിലാണെന്നു* പ്രത്യേകമായി പറയുന്നില്ല. യേശു കഷ്ടതയിൽ സ്നാനമേറ്റു (മുങ്ങി) (മർക്കൊസ് 10:38, 39; ലൂക്കൊസ് 12:50). അപ്പൊസ്തലന്മാർ പരിശുദ്ധാത്മാ വിന്റെ ശക്തിയിൽ സ്നാനമേറ്റു (മുങ്ങി) (മത്തായി 3:11; പ്രവൃത്തി 1:5; 2:1–4). നാം പഠിക്കുന്ന സ്നാനം *വെള്ളത്തിലുള്ള* മുങ്ങലാണ് (പ്രവൃത്തി 8:36–38; 10:47, 48).

സ്നാനം എന്ന വാക്കിന്റെ അർത്ഥം ഓർമ്മിക്കുക: മുങ്ങൽ നമ്മുടെ പഠനം തുടരുമ്പോൾ കുഴപ്പം സംഭവിക്കാതിരിക്കാൻ അതു സഹായിക്കും.

ഈ പാഠത്തിലും അടുത്തതിലും, നാം മൂന്നു ചോദ്യങ്ങൾ ചോദിക്കും. "ഒരാൾ *എന്തുകൊണ്ട്* സ്നാനം ഏല്ക്കണം?"; "ഒരാൾ *എങ്ങനെ* സ്നാനം ഏല്ക്കണം?"; "*ആരാണ്* സ്നാനം എടുക്കേണ്ടത്?" നമുക്കു "എന്തുകൊണ്ട്?" എന്നു തുടങ്ങാം.

## യേശുവിന്റെ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് (മർക്കൊസ് 16)

മഹത്തായ ആജ്ഞ ശിഷ്യന്മാർക്കു, നല്കിക്കൊണ്ടു യേശു പറഞ്ഞു,

> ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പരുശുദ്ധാത്മാവിന്റേയും, നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും; പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ,[5] ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും, നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിചെയ്തു (മത്തായി 28:19, 20).

### യേശുവിന്റെ ഏർപ്പാട്

മഹത്തായ ആജ്ഞയെ കുറിച്ചു മർക്കൊസിന്റെ വിവരണം നല്കുന്നതു ഇങ്ങനെയാണ്: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്ക പ്പെടും; വിശ്വസി ക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:15, 16)[6]. കെജെവി പറയുന്നു, "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; എന്നാൽ വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (വാക്യം 16) ഇതിനേക്കാൾ ലളിതമാക്കാൻ കഴിയുമായിരുന്നില്ല: നാം രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുക.

സ്നാനത്തെ സംബന്ധിച്ചു ദുരഭിമാനം ഉണ്ടായിരുന്ന ഒരാ ളുമായി ഞാൻ ഒരിക്കൽ ബൈബിൾ പഠനം നടത്തുകയായിരുന്നു. സ്നാനത്തിന്റെ ഉദ്ദേശത്തെ വിവരിക്കുന്ന വേദഭാഗങ്ങൾ ഒക്കെ പരിശോധിച്ചു. എന്നാൽ ആ തുറന്ന ബൈബിൾ ഉപദേശത്തെ അദ്ദേഹം നിരസിച്ചു. അവസാനം ഞാൻ ചോദിച്ചു, ''സ്നാനം രക്ഷക്കു ആവശ്യമാണെന്നു, കർത്താവു പഠിപ്പിക്കുവാൻ ആഗ്ര ഹിക്കുന്നുവെങ്കിൽ, ഇതിനെക്കാൾ വ്യക്തമായി എങ്ങനെ പ്രകടിപ്പിക്കും?" എന്ന്. ഒരു നിമിഷം ചിന്തിച്ചിട്ട് അയാൾ പറഞ്ഞു, ''അങ്ങനെ കർത്താവു ഉദ്ദേശിക്കുന്നുവെങ്കിൽ, 'വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'" എന്നു പറയണം. ആ പ്രായോഗിക ഉദ്ദേശങ്ങൾ, വെളിപ്പെടുത്തിയ മർക്കൊസ് 16:16 കാണിച്ചു കൊടു ത്തപ്പോൾ അയാൾ അതിശയിച്ചു പോയി.

മർക്കൊസ് 16:16 വളരെ വ്യക്തമാണ്, എന്നാൽ ചില സന്ദർ ഭങ്ങളിൽ എതിർ വാദം ഞാൻ കേട്ടിട്ടുണ്ട്: ''വാകൃത്തിന്റെ അവസാനഭാഗം വിശ്വസിക്കാതെയും സ്നാനപ്പെടാതെയും ഇരിക്കുന്നവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു പറഞ്ഞിട്ടില്ലല്ലോ. അവിടെ വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നല്ലേ പറഞ്ഞിട്ടുള്ളൂ" എന്നും അവർ ചോദിക്കും. ആ വാദത്തിനുള്ള ഉത്തരം ഇതാണ്. വീണ്ടും രണ്ടാമത്തെ ഭാഗത്തു സ്നാനം എന്നതു പറയു മ്പോൾ അതു ആവശ്യത്തിലധികമാവും.

ഇതു പരിഗണിക്കുക: 16–ാം വാകൃത്തിന്റെ, ആദ്യ ഭാഗത്തു സ്നാനത്തിനു മുമ്പു വിശ്വാസം വരുന്നു. ദൈവത്തോടുള്ള പ്രതി കരണത്തിലെല്ലാം അടിസ്ഥാനമായി ഉണ്ടാകേണ്ടതാണ് വിശ്വാസം. യേശുവിലുള്ള വിശ്വാസമില്ലെങ്കിൽ, ഒരാൾ മാനസാന്തരപ്പെടുകയോ ഏറ്റു പറയുകയോ ചെയ്യുകയില്ല. അതുപോലെ, യേശുവിലുള്ള വിശ്വാസമില്ലെങ്കിൽ, ഒരാൾക്കു വചനപ്രകാരം സ്നാനം ഏല്ക്കു വാനും കഴിയുകയില്ല. 16–ാം വാകൃത്തിലെ – ആദ്യഭാഗത്തുള്ള വിശ്വാസത്തെ നിരാകരിച്ചാൽ – വിശ്വാസത്തിന്റെ *ഏതു* പ്രതികരണമായാലും, സ്നാനവും സ്വാഭാവികമായി നിരാകരിക്ക പ്പെടും. അതുകൊണ്ട് "സ്നാനപ്പെടാതിരിക്കുന്നവൻ" എന്നു പറയേണ്ട ആവശ്യം ഉദിക്കുന്നില്ല.

ഈ ആശയം ചിത്രീകരിക്കുന്നതിനു ഞാൻ നിങ്ങളെ ഒരു ഷെഡ്ഡ് പണിയുവാൻ ശമ്പളത്തിനു വിളിച്ചു എന്നു വിചാരിക്കുക. ഞാൻ പറയുന്നു, "നിങ്ങൾ ഷെഡ്ഡ് പണിത് ചുവന്ന പെയിന്റ് അടിച്ചു തന്നാൽ, ഞാൻ നിങ്ങൾക്കു $2000 തരാം." നിങ്ങൾക്കു $2000 കിട്ടുവാൻ നിങ്ങൾ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതാണെന്നു നിങ്ങൾ മനസിലാക്കുന്നു: (1) ഷെഡ്ഡ് പണിയുക (2) അതിൽ, ചുവന്ന പെയിന്റ് അടിക്കുക, "എന്നാൽ, ഷെഡ്ഡ് ചുവന്ന പെയിന്റടിച്ചാൽ ഞാൻ നിങ്ങൾക്ക് $2000

തരുമെന്നു നിങ്ങൾ വിചാരിക്കുമോ? ഇല്ല, കാരണം ഷെഡ്സ്റ്റ് പണിയാതിരുന്നാൽ സ്വഭാവികമായി പെയിന്റ് ചെയ്യുന്നതും നിരാകരിക്കപ്പെടും, വാസ്തവത്തിൽ ഇല്ലാത്ത ഷെഡ്സ്റ്റിൽ ചുവന്ന പെയിന്റ് എങ്ങനെ അടിക്കും? അതുപോലെ, ഒരാൾക്കു ആദ്യം വിശ്വാസം ഇല്ലാതെ, വചന പ്രകാരം സ്നാനം ഏല്ക്കുക അസാദ്ധ്യമാണ്.

മർക്കോസ് 16:15, 16-ൽ വളരെ വളിതമായും പടിപടിയായും കൊടുത്തിരിക്കുന്ന ദൈവ പദ്ധതി നോക്കുക:


(1) പ്രസംഗം (ഉപദേശം)
(2) വിശ്വാസം
(3) സ്നാനം
(4) രക്ഷ

**മനുഷ്യന്റെ പുന ക്രമീകരണങ്ങൾ**

നിർഭാഗ്യവശാൽ, മനുഷ്യർ കർത്താവിന്റെ ലളിതമായ കല്പനകളെ വിട്ടുകളയുകയാണ് ചെയ്യുന്നത് (2 കൊരിന്ത്യർ 11:3). മുൻ പാഠത്തിൽ, ചിലർ ശിശുക്കൾക്ക് ജന്മപാപമുണ്ടെന്ന പറഞ്ഞ് അവരെ സ്നാനപ്പെടുത്തിയിരുന്നത്[7] നാം പഠിച്ചു. അവരുടെ ഉപദേശം അനുസരിച്ചു, സ്നാനപ്പെടുത്താത്ത ശിശു മരിച്ചാൽ, ആ ശിശു സ്വർഗ്ഗത്തിൽ പോകയില്ല.[8] ''ശിശുസ്നാനം'' ഒപ്പിട്ടു അംഗീകരിച്ച ആളുകൾ പറയുന്നതു "സ്നാനമേറ്റ" ശിശു ഒരു പ്രായം എത്തുമ്പോൾ, അയാളെ പഠിപ്പിച്ചു "ഉറപ്പിക്കണം."[9] കർത്താവിന്റെ ക്രമത്തെ അവർ താഴെ പറയുന്നതുപോലെ പുനഃക്രമീകരി ച്ചിരിക്കയാണ്:

(1) സ്നാനം
(2) രക്ഷ
(3) ഉപദേശം
(4) വിശ്വാസം

സ്പഷ്ടമായിട്ടും, ഈ ക്രമീകരണം കർത്താവിന്റേതല്ല:



ലോകത്തിൽ ചില ഭാഗത്തു, നാം ചർച്ച ചെയ്തു കഴിഞ്ഞ മറ്റൊരു ഉപദേശം പ്രചാരത്തിലുണ്ട്: "വിശ്വാസത്താൽ മാത്രമുള്ള" രക്ഷ എന്ന ഉപദേശമാണത്. ഈ ഉപദേശം പിടിച്ചിരിക്കുന്നവർ പഠിപ്പിക്കുന്നതു, ഒരാൾ യേശുവിൽ വിശ്വസിക്കുമ്പോൾ[10] തന്നെ രക്ഷിക്കപ്പെട്ടു എന്നതാണ്. അവർ പഠിപ്പിക്കുന്നതു, സ്നാനം *നല്ലതാണ്*. പക്ഷേ യഥാർത്ഥത്തിൽ *ആവശ്യമില്ല*. അങ്ങനെ അവരുടെ ക്രമീകരണങ്ങൾ ഏതാണ്ട് ഇതു പോലെയാണ്:

(1) ഉപദേശം
(2) വിശ്വാസം
(3) രക്ഷ
(4) സ്നാനം

മർക്കൊസ് 16:15, 16-ൽ യേശുവിന്റെ നിർദ്ദേശക്രമത്തെ മാറ്റി യിരിക്കയാണ്, ഇവിടെ വീണ്ടും:

| യേശു | മനുഷ്യർ (B) |
|---|---|
| (1) പ്രസംഗം (ഉപദേശം) | (1) ഉപദേശം |
| (2) വിശ്വാസം | (2) വിശ്വാസം |
| (3) സ്നാനം | (3) രക്ഷ |
| (4) രക്ഷ | (4) സ്നാനം |

## യേശുവിന്റെ നിർദ്ദേശങ്ങൾ തുടരുന്നു (പ്രവൃത്തി 2)

യേശുവിന്റെ ക്രമീകരണം ഇന്നു, ആളുകൾ മാറ്റിക്കൊണ്ടി രിക്കുന്നതിനെതിരായി ക്രിസ്തുവിന്റെ ക്രമത്തെ കൃത്യമായി പിൻ പറ്റിയവരുടെ ഉദാഹരണം പ്രവൃത്തി2-ാം അദ്ധ്യായം വെളിപ്പെടുത്തുന്നുണ്ട്.

### സംഭവത്തിന്റെ ആരംഭം

പ്രവൃത്തി 2-ൽ ആദ്യമായി പത്രൊസ്, സുവിശേഷം പൂർണ്ണമായി പ്രസംഗിക്കുന്നു. ഇതിന്റെ മൂർദ്ധന്യാവസ്ഥ പ്രവൃത്തി 2:36-ൽ വായിക്കാം: "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെതന്നേ ദൈവം കർത്താവും - കിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" എന്നു പ്രസംഗി ച്ചപ്പോൾ യെഹൂദന്മാർ ഇത് കേട്ട്, "ഹൃദയത്തിൽകുത്തുകൊണ്ട്,

അപ്പൊസ്ഥലന്മാരോടു, ‘സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു?’ ” (പ്രവൃത്തി 2:37).

ശ്രദ്ധിക്കുക, ഈ സമയത്തു, പ്രവൃത്തി 2 പിൻപറ്റിയതു യേശുവിന്റെ ക്രമമായിരുന്നു: (1) *പ്രസംഗം*, (2) അതു *വിശ്വാസത്തെ* പുറപ്പെടുവിച്ചു. (37-ാം വാക്യത്തിൽ “വിശ്വാസം” എന്ന വാക്ക് ഉപ യോഗിച്ചിട്ടില്ല. പക്ഷേ പത്രൊസിന്റെ കേൾവിക്കാർ, വിശ്വസിച്ചിരുന്നി ല്ലെങ്കിൽ അവരുടെ ഹൃദയത്തിൽ “കുത്തു കൊള്ളുമായിരുന്നില്ല.”)

ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ അടുത്തതെന്താണെന്നു അറിയുവാൻ പത്രൊസിന്റെ സദസ്യർ ആഗ്രഹിച്ചു. പത്രൊസ് യേശുവിന്റെ മാതൃക പിൻപറ്റുകയാണെങ്കിൽ അവൻ എന്തു പറയും? (3) *സ്നാനപ്പെടുക* (4) രക്ഷിക്കപ്പെടുവാൻ. അവൻ അങ്ങനെ പറഞ്ഞോ എന്നു നമുക്കു പരിശോധിക്കാം:

“പത്രൊസ് അവരോടു, ‘മാനസാന്തരപ്പെട്ടു, നിങ്ങൾ ഓരോരുത്തൻ [3] നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി [4] സ്നാന മേല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു’ ” (പ്രവൃത്തി 2:38). (“പാപമോചനം” ലഭിക്കുന്നതാണ്. പാപങ്ങളിൽ നിന്നു രക്ഷിക്കപ്പെടുക എന്നതു അതുതന്നെയാണ്.) പിന്നെ, നാം കാണുന്നതു, പത്രൊസ് യേശുവിന്റെ ക്രമം പിൻപറ്റുന്നതായിട്ടാണ്:

| യേശു | പത്രൊസ് |
|---|---|
| (1) പ്രസംഗം<br>(ഉപദേശം) | (1) പ്രസംഗം |
| (2) വിശ്വാസം | (2) വിശ്വാസം |
| (3) സ്നാനം | (3) സ്നാനം |
| (4) രക്ഷ | (4) രക്ഷ |

**ശേഷമുള്ള സംഭവം**

ഇനി നമുക്കു സംഭവത്തിന്റെ ശേഷിച്ച ഭാഗം നോക്കാം. മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുവാൻ, അവരോടു പറഞ്ഞ ശേഷം കർത്താവിനെ അനുസരിക്കുവാൻ പ്രോത്സാഹിപ്പിച്ചു. അവൻ പറഞ്ഞതു, “വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ, ഏവ ർക്കും ഉള്ള തല്ലോ എന്നു പറഞ്ഞു” (പ്രവൃത്തി 2:39) ഇവിടെ “ദൂര സ്ഥന്മാർ” എന്നു പറഞ്ഞിരിക്കുന്നതു ജാതികളെ ഉദ്ദേശിച്ചാണ്. എല്ലാ മനുഷ്യർക്കുമുള്ള ദൈവത്തിന്റെ പദ്ധതിയാണിത്. അടുത്തതു വായിക്കാം, “മറ്റു പല വാക്കുകളാലും അവൻ ... സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു, ‘ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു!’ ” (പ്രവൃത്തി 2:40).

41-ാം വാക്യം പറയുന്നു, ''അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു,'' ''അന്നു മൂവായിരത്തോളം പേർ അവരോടു കൂടി ചേർന്നു.'' സ്നാനമേറ്റവർ രക്ഷിക്കപ്പെട്ടു. അവരെയാണ് അപ്പൊസ്തലന്മാരോടു "കൂട്ടിച്ചേർത്തതു." 47-ാം വാക്യം പറയുന്നത് "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" എന്നതാണ്. "അവരുടെ സംഖ്യയോട്" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് രക്ഷിക്കപ്പെട്ടവരുടെ - കൂട്ടത്തെയാണ്, സഭ, രക്ഷിക്കപ്പെട്ടശരീരം (എഫെസ്യർ 5:23, 25). കെജെവിയിൽ "കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു."

"കർത്താവ് അവരുടെ എണ്ണത്തോട് *ചേർത്തുകൊണ്ടിരിന്നു*" എന്ന പ്രയോഗത്തെ വിചാരിക്കുക്. മനുഷ്യർ, മനുഷ്യനിർമ്മിത ''സഭയിലേക്കു ചേരുകയാണ്.'' നിങ്ങൾക്ക് മനുഷ്യ നിർമ്മിതസഭയിലേക്ക് ചേരാൻ കഴിയും, എന്നാൽ കർത്താവിന്റെ സഭയിലേക്കു ചേരാൻ സാദ്ധ്യമല്ല. "ചേരുകയും" "ചേർക്കുകയും" എന്ന വാക്കുകളിൽ സുപ്രധാന വ്യത്യാസമാണുള്ളത്: ഒരാൾ ഒരു സംഘടനയിൽ *ചേരുമ്പോൾ*, അതു *അയാൾ* ചെയ്യുന്ന പ്രവൃത്തിയാണ്. ഒരു സംഘടനയിലേക്ക് അയാളെ *ചേർക്കുമ്പോൾ*, അത് അവനോട് *ചെയ്യുന്ന* കാര്യമാണ്. രക്ഷ ആർക്കും നേടി എടുക്കാൻ സാധിക്കാത്തതുകൊണ്ട് രക്ഷിക്കപ്പെട്ടവരുടെ ശരീരത്തിലേക്കു ആർക്കും *ചേരാവുന്നതല്ല*. മറിച്ചു, കർത്താവു തന്റെ കരുണയാലും കൃപയാലും രക്ഷിച്ചു, സഭയിലേക്കു അംഗങ്ങളെ *ചേർക്കുകയാണ്* ചെയ്യുന്നത്!

ഭൂരിഭാഗം നാമധേയ വിഭാഗങ്ങളിലും, രക്ഷിക്കപ്പെടുക എന്നതും സഭയിൽ അംഗമാക്കുക എന്നതും രണ്ടു വ്യത്യസ്ത കാര്യങ്ങളാണ്. ഇതു കർത്താവിന്റെ സഭയിൽ അങ്ങനെയല്ല. രക്ഷിക്കപ്പെടുമ്പോൾ അയാൾ സഭയിൽ അംഗമായി ചേർക്കപ്പെടുന്നു; സഭയിൽ അംഗമാകുമ്പോൾ രക്ഷിക്കപ്പെട്ടിരിക്കും എന്നർത്ഥം. വാസ്തവത്തിൽ രക്ഷിക്കപ്പെട്ടവരെ കർത്താവു തന്റെ സഭയോടു ചേർക്കുക തന്നെ ചെയ്യും.

("എന്തുകൊണ്ടു സ്നാനം ഏല്ക്കണം?'') എന്ന ചോദ്യത്തിനു മടങ്ങിവന്നു ഒരു നിമിഷം പ്രവൃത്തി 2:38, 41, 47 എന്നീ ഭാഗങ്ങൾ ഒന്നു പുനഃപരിശോധന നടത്താം. രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ഏതാനും വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടിവരും. കഴിഞ്ഞ കാലത്തിലെ വെല്ലുവിളിയുണ്ട്: എങ്ങനെ കഴിഞ്ഞകാല കുറ്റങ്ങളിൽനിന്നു ആശ്വാസം ലഭിക്കും? *വർത്തമാന* കാലത്തിലെ വെല്ലുവിളിയുണ്ട്: ഓരോ ദിവസവും ജീവിക്കുവാനുള്ള ശക്തി എവിടെ നിന്നു കിട്ടും? *ഭാവിയിലെ* വെല്ലുവിളിയുമുണ്ട്: മരണത്തോളം വിശ്വസ്തമായി ജീവിക്കുവാൻ വേണ്ട സഹായം

എവിടെ നിന്നു ലഭിക്കും? സ്നാനപ്പെടുമ്പോൾ, അയാൾക്കു ആവശ്യമുള്ള വിഭവ ങ്ങൾ ദൈവം നല്കുന്നു:

- *കഴിഞ്ഞകാല* വെല്ലുവിളി: സ്നാനപ്പെടുമ്പോൾ അയാളുടെ "പാപങ്ങളിൽ നിന്നു **ധ**അയാൾക്കു**പ** മോചനം ലഭിക്കുന്നു." പാപഭാരം നീങ്ങിപോകുക എന്നതു എത്ര മനോഹരമാണ്!
- *വർത്തമാനകാല* വെല്ലുവിളി: ഓരോ ദിവസവും ജീവിക്കാ നുള്ള സഹായത്തിനായി ദൈവം തന്റെ ആത്മാവിനെ നല്കുന്നു. സ്നാനപ്പെടുന്ന ഓരോരുത്തർക്കും, ദൈവം തരുന്ന ദാനമാണ് പരിശുദ്ധാത്മാവ്. ഈ ദാനം സ്നാനപ്പെടുന്നവർക്കു അത്ഭുതങ്ങൾ ചെയ്യുവാനുള്ളതല്ല. മറിച്ച് ക്രിസ്തീയ ജിവിതം നയിക്കാനുള്ള ശക്തിക്കു വേണ്ടിയാണ് (റോമർ 8, പ്രത്യോകിച്ച് വാക്യം 13, 26).[11]
- *ഭാവിയുടെ* വെല്ലുവിളി: അയാൾ സ്വാഭാവികമായി ദൈവ ത്തിന്റെ ''സഹായസംഘം,''ആകുന്ന കർത്താവിന്റെ സഭയിലെ ഒരു ഭാഗമായി തീരുന്നു. സ്നാനപ്പെട്ടു കഴിഞ്ഞാൽ, അയാൾ അയാൾക്കുള്ളതല്ല. പിന്നെ അയാളെ സ്നേഹിക്കുവാനും സഹായിക്കുവാനും ക്രിസ്തുവിലുള്ള സഹോദരീ സഹോദരന്മാരുണ്ട്.

ഇതിലേതെങ്കിലും അനുഗ്രഹങ്ങൾ വേണമെന്നുണ്ടെങ്കിൽ സ്നാനം ഏൽക്കാം, എന്നാൽ കർത്താവ് അതുമൂന്നും നല്കുന്നു!

**ഉപസംഹാരം**

അടുത്ത പാഠത്തിൽ, ''എന്തുകൊണ്ടു സ്നാനം ഏല്ക്കണം?'' എന്ന ചോദ്യവും ''എങ്ങനെ?'' ''ആർ?'' എന്നതും നമ്മുക്ക ചർച്ച ചെയ്യാം. ഇപ്പോൾ, വചന പ്രകാരം സ്നാനം ഏല്ക്കുന്നവരിൽ ദൈവം നല്കുന്ന അനുഗ്രഹങ്ങളെകുറിച്ചു ചിന്തിക്കാം. നിങ്ങൾക്കു ഈ അനുഗ്രഹങ്ങൾ വേണമെന്നു തോന്നുന്നില്ലേ?

---

കുറിപ്പുകൾ

[1]ഇതു ചെയ്തതു ഒരു പക്ഷേ ഗ്രീക്കു വാക്കിന്റെ: ശക്തി ഉപേക്ഷിക്കുവാനായിരിക്കാം. ഗ്രീക്കുവാക്കിന്റെ അർത്ഥം "സ്നാനം ഏല്ക്കുക," എന്നാൽ തർജ്ജിമക്കാർ പരിശീലിക്കുന്നതു തളിക്കലാണ്. [2]കുറച്ചു നിസാരമായ ഗ്രീക്കു പാഠങ്ങൾ ഞാൻ തരുന്നതാണ്. അതു നിങ്ങൾക്കു കൂടുതൽ ഭാരമാവുകയില്ല എന്നു കരുതട്ടെ. [3]ഇതു ഉച്ചരിച്ചിരിക്കുന്നതു "ഡെപ് - റ്റിഡ് - സോ" എന്നാണ്. [4]*ദി അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൽ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, 1971), 65. [5]KJV യിൽ "സകലജാതികളെയും ഉപദേശിക്കുക" എന്നാണ്. "ശിഷ്യൻ" എന്ന വാക്കിന്റെ അർത്ഥം "പഠിക്കുന്നവൻ" എന്നാണ്. ഉപദേശിച്ചുകൊണ്ടാണ് നിങ്ങൾ ഒരാളെ "ശിഷ്യനാക്കുന്നത്." [6]അധികം തർജ്ജിമകളിലും മർക്കൊസ് 16:15, 16 ഉണ്ട്. കുടുതലോ അല്ലെങ്കിൽ കുറച്ചോ

ഞാൻ നല്കിയിട്ടുള്ളത് ആധുനിക NASB യിലേതാണ്. കുറച്ചു, വേദഭാഗങ്ങൾ, ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്, ഒന്നോ രണ്ടോ മാർജിനിൽ കുറിപ്പായും കൊടുത്തിട്ടുണ്ട്. കാരണം മർക്കോസ് 16-ാം അദ്ധ്യായം അവസാനിപ്പിക്കുന്നതിനെകുറിച്ചു ചില വിവാദങ്ങൾ ഉള്ളതുകൊണ്ടാണ്. അതെന്തായാലും, മർക്കൊസ് 16:15, 16 വാക്യങ്ങൾ ചുമതലപ്പെടുത്തിയിരിക്കുന്നതു യേശു പറഞ്ഞതാണെന്നു മിക്കവാറും എല്ലാ പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്. [7]ഇതു പഠിപ്പിക്കന്നവർ അധികവും ശിശുക്കളെ സ്നാനപ്പെടുത്താറില്ല. അവർ ശിശുക്കളെ സ്നാനപ്പെടുത്തുന്നതിനു പകരം അവരുടെ മേൽ വെള്ളം കോരി ഒഴിക്കുകയോ തളിക്കുകയോ ചെയ്യും. പക്ഷേ ആ ചടങ്ങിനെ അവർ “സ്നാനമെന്നു” *വിളിച്ചേക്കാം.* [8]ഇതു, ഞെട്ടിക്കുന്ന ഒരു ചിന്തയാണ് സ്നാനപ്പെടാത്ത ശിശുക്കൾ മരിച്ചശേഷം എത്തുന്ന ഒരു സ്ഥലം, അവർ കണ്ടു പിടിച്ചിരിക്കയാണ്. അതു നരകത്തെപോലെ അത്ര മോശമല്ല. “ലിംബോ” എന്നു അവർ വിളിക്കുന്ന സ്ഥലം ബൈബിളിനു, അന്യമാണ്. [9]“ആചാര നിഷ്ഠ” എന്ന ചടങ്ങു മറ്റൊരു വചന വിശുദ്ധമായ ഒന്നാണ്. വചനവിരുദ്ധമായ ഉപദേശങ്ങളും പരിശീലനങ്ങളും വർദ്ധിച്ചു വരികയാണെന്നു തോന്നുന്നു. [10]ചിലപ്പോൾ ആളുകൾ “പാപിയുടെ പ്രാർത്ഥന” എന്നു വിളിക്കുന്ന പ്രാർത്ഥന ആവർത്തിച്ചു ചൊല്ലാറുണ്ട്. ബൈബിളിൽ അത്തരം പ്രാർത്ഥനയോ ആശയമോ കാണുന്നില്ല.

[11]ദൈവം നമ്മെ സഹായിക്കുന്നു എന്നു പറയുന്നതുപോലെയാണ് പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നതു എന്നു പറയുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്ന വിഷയം നിങ്ങൾക്കു ബോധ്യമായാൽ, നിങ്ങൾക്കു ഈ പ്രസിദ്ധീകരണം തന്ന വ്യക്തിയെ ബന്ധപ്പെടുക. നിങ്ങളുടെ ചോദ്യങ്ങൾക്കു, അദ്ദേഹം ഉത്തരം നല്കും. എന്നാൽ ഈ അടിസ്ഥാന പഠനം പൂർത്തിയാകുന്നതുവരെ അദ്ദേഹം കാത്തിരിക്കും.